# നാളികേര നീര ബോർഡും ടോഡി ബോർഡും വരുന്നു

സ്വന്തം ലേഖകൻ

തിരുവനന്തപുരം● നീര ഉൽപാദനവുമായി ബന്ധപ്പെട്ടു കൃഷി-എക്സൈസ് വകുപ്പുകൾ തമ്മിലുള്ള ഭിന്നത തീർന്നു. നീര ഉൽപാദനം പ്രോത്സാഹിപ്പിക്കാൻ നാളികേര നീര ബോർഡും കള്ളു ചെത്തു വ്യവസായം സംരക്ഷിക്കാൻ ടോഡി ബോർഡും രൂപീകരിക്കാൻ തീരുമാനമായി. നീര ചെത്താൻ ലൈസൻസിന് അപേക്ഷിച്ച 196 ഫെഡറേഷനുകൾക്ക് ഉടൻ അനുമതി നൽകും.

മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിലാണു തീരുമാനം. കൃഷി വകുപ്പിന്റെ കീഴിൽ രൂപീകരിക്കുന്ന നാളികേര നീര ബോർഡിന്റെ മേധാവി കാർഷിക ഉൽപാദന കമ്മിഷണർ ആയിരിക്കും. എക്സൈസ് കമ്മിഷണർ അംഗമായിരിക്കും. നീരയ്ക്കു ലൈസൻസ് നൽകുന്ന ചുമതല എക്സൈസ് വകുപ്പിനു തന്നെയായിരിക്കും. നികുതി വകുപ്പിന്റെ കീഴിൽ വരുന്ന ടോഡി ബോർഡിൽ നികുതി സെക്രട്ടറി ചെയർമാനും എക്സൈസ് കമ്മിഷണർ സിഇഒയും ആയിരിക്കും. ചെലവു കുറയ്ക്കുന്നതിന്റെ ഭാഗമായി അനൗദ്യോഗിക അംഗങ്ങളെ നിയമിക്കേണ്ടെന്നാണു തീരുമാനം.

ഈ വർഷത്തെ ബജറ്റിൽ അനുവദിച്ച 30 കോടി രൂപ നീര പരിശീലനത്തിനും പ്ലാന്റ് സബ്സിഡിക്കുമായി നൽകും. ടോഡി ബോർഡിന്റെ പ്രവർത്തങ്ങൾക്ക് ഒരു കോടി രൂപ അനുവദിക്കും.

നീര ഉൽപാദനത്തിനായി കൃഷി വകുപ്പിനു ലഭിച്ച തുക ഉൽപാദന സംഘങ്ങൾക്കു കൈമാറാൻ കഴിയാതെവന്നതാണ് ആശയക്കുഴപ്പങ്ങൾക്കു കാരണമായതെന്നു മന്ത്രിമാരായ കെ. ബാബുവും കെ.പി. മോഹനനും പറഞ്ഞു. വകുപ്പുകൾ തമ്മിൽ തർക്കമുണ്ടായിരുന്നില്ല. നീര ഉൽപാദന ലൈസൻസിനുള്ള അപേക്ഷ എക്സൈസ് വകുപ്പാണോ നീര ബോർഡാണോ കൈകാര്യം ചെയ്യേണ്ടത് എന്ന ആശയക്കുഴപ്പവും നീങ്ങിയതായി മന്ത്രിമാർ അറിയിച്ചു.

നീരയുടെ ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ടു കഴിഞ്ഞ മന്ത്രിസഭായോഗത്തിലും ചർച്ച ചെയ്തെങ്കിലും വകുപ്പുകൾ തമ്മിലുള്ള ഭിന്നതമൂലം തീരുമാനമെടുക്കാൻ കഴിഞ്ഞിരുന്നില്ല. തുടർന്നു വകുപ്പു മേധാവികളുമായി ചർച്ച നടത്തി പരിഹാരം കാണാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു.

ഇതിന്റെ തുടർച്ചയായാണു മന്ത്രിമാരുടെ യോഗം മുഖ്യമന്ത്രി വിളിച്ചത്. ചീഫ് സെക്രട്ടറി ജിജി തോംസൺ, അഡീഷനൽ ചീഫ് സെക്രട്ടറി ഡോ. കെ.എം. ഏബ്രഹാം, എക്സൈസ് കമ്മിഷണർ അനിൽ സേവ്യർ എന്നിവരും പങ്കെടുത്തു.